

# الوردة

2023-2025

Presented by kidilam.com


بسم الله الرحمن الرحيم

Instagram

A Rose Flower has an enchanting beauty to attract the bees. Your Magazine named Roses May enchant the readers. I wish all the Very best to your great work.

Sumayya Kachra

"أركض وراء كل ما تريده، واقترب

من كل الأشياء التي تشعر أنها ستسعدك

وتشبث بكل من يطبع في قلبك فرحًا، كافح

لأجل أن تحقق أحلامك."

انا مسرورا جدا الله يعلم الله ~~بصدر~~ بصدور

مجلة "الوردة" الصف الثاني انا اهنئكم حارًا

لهذه المجلة.

Thahira-K

بسم الله الرحمن الرحيم

يسرني كثيرا أنكم تصدرون مجلة عربية

"السوردن" وأهنئكم على هذا راجيا له

الله التوفيق

يوسف السلفي

استاذ المساعد

الكلية السلفية العربية

سكر نمبناد.

Instagram

നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെ-പ്പോലെ കത്തിജ്വലിക്കുക.

P2 ക്ലാസിലെ വിദ്യാർത്ഥികൾ തയ്യാ-റാക്കുന്ന "ട്യൂലി" എന്ന മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

ജുമൈല ടീച്ചർ.

Jm

السَّلَامُ
عَلَيْكُمْ

# EDITORIAL board


| EDITOR | ASSISTANT EDITOR |
|---|---|
| Aneesa | Hanna Shahma |

**HELPING MEMBERS**

Salma Jabin
Thasni
Fidha TK
Farhana
Nasriya
Aneesa
Afeefa
Hanna Shahma
Lubaib
Ahsan Rashadi
Nihal
Salman
Nabeel

| CLASS LEADER | CLASS TEACHER |
|---|---|
| Nabeel Mahmood | SUMAYYA |

Everything has its beauty but not everyone sees it.

# ജനനത്തിന് മുമ്പും പിമ്പും

കരഞ്ഞുകൊണ്ടാണ് കുഞ്ഞ് ജനിക്കുന്നത്. ഗർഭപാത്രത്തിലെ ഇരുട്ടറയിൽ നിന്ന് മോചിതനായി, പ്രകാശമാനമായ ലോകത്തിലേക്കുള്ള ആഗമനം കരഞ്ഞുകൊണ്ടായിരിക്കണമെന്നാവാം ദൈവവിധി. മാതാവിന്റെ ശരീരവുമായി ബന്ധിപ്പിച്ചിരുന്ന പൊക്കിൾക്കൊടി ബന്ധമറ്റ് തികച്ചും സ്വതന്ത്രനായി ഭൂമിയിലേക്കു വരുന്ന കുഞ്ഞിനെ സംരക്ഷിക്കുവാനാവശ്യമായ സംവിധാനങ്ങളും സ്രഷ്ടാവ് തന്നെ ചെയ്തു വെച്ചിരിക്കുന്നുവെന്നതാണ് വാസ്തവം. മാതാവ് കഴിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളിൽ അംശം പൊക്കിൾക്കൊടിയിലൂടെ ലഭിച്ചു കൊണ്ടിരുന്ന കാലം കഴിഞ്ഞു. ഇനി സ്വന്തമായി ഭക്ഷണം തേടിപ്പിടിച്ച് കഴിക്കണം. എന്നാലും ആഹാരം ലഭിക്കുവാൻ വേണ്ടിയുള്ള സിഗ്നൽ ആയിട്ടാണ് കുഞ്ഞ് കരയുന്നത്. കരയുമ്പോൾ തന്നെ പാൽ ചുരത്താൻ സ്രഷ്ടാവ് തന്നെ ചില സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കുട്ടി കരയുമ്പോൾ കണ്ണുകൾ അടക്കുന്നതാണ് മറ്റൊരു സംവിധാനം. കണ്ണിൽ പൊടിയുന്ന കണ്ണുനീർ മൂക്കുവഴി തൊണ്ടയിലെത്തുമ്പോൾ കുഞ്ഞിന് ആശ്വസിക്കുന്നു. കൺപോളകളടക്കുമ്പോൾ ഉള്ളിലുള്ള പീളക്കുഴിയിലുള്ള കണ്ണുനീർ മൂക്കിനുള്ളിലേക്ക് ഒലിച്ചിറങ്ങുകയും തൊണ്ട വരളാതെ സംരക്ഷിക്കുകയും ചെയ്യുന്നു. കരയുമ്പോൾ തൊണ്ട വരളുമെന്നും അതുമൂലം തുടർച്ചയായി കരയാൻ സാധിക്കില്ലെന്നും അറിയാവുന്ന സ്രഷ്ടാവ് തന്നെ പ്രസ്തുത പ്രശ്നം പരിഹരിക്കാനാവശ്യമായ സംവിധാനങ്ങൾ ശരീരത്തിൽ ചെയ്തുവെക്കുകയും കരയുമ്പോൾ കണ്ണടക്കണമെന്ന ബോധം കുഞ്ഞിന് നൽകുകയും ചെയ്തിരിക്കുന്നുവെന്ന് സാരം.

# Your life is a journey

Each chapter of your life will be filled with twists, turns and detours.

You will learn and grows in many ways. From time to time, may you reflect on your journey.

## BE PROUD

of how much you have overcome to be the person you are right now.

## Appreciate

waterver you are in your journey right now and make the best of it.

THIS IS YOUR Journey!

LIVE IT WELL!

A SWEET
friendship
REFRESHES
the soul

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ...

قُلْ هُوَ اللّٰهُ أَحَدٌ ① اللّٰهُ الصَّمَدُ ②

لَمْ يَلِدْ وَلَمْ يُولَدْ ③ وَلَمْ يَكُنْ لَهُ كُفُوًا

أَحَدٌ ④

പരമ കാരുണ്യകനും കരുണാനിധിയുമാ
യ അല്ലാഹുവിന്റെ നാമത്തിൽ...

① (നബിയേ), പറയുക: കാര്യം അല്ലാഹു ഏകനാ
ണ് എന്നാകുന്നു. ② അല്ലാഹു ഏവർക്കും ആശ്ര
യമായിട്ടുള്ളവനാകുന്നു ③ അവൻ (ആർക്കും)
ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി)
ജനിച്ചിട്ടുമില്ല. ④ അവനു തുല്യനായി ആരും
ഇല്ലതാനും

# അയ്യൂബ് [അ]

അടിമകളെ അല്ലാഹു എപ്പോഴും പരീക്ഷിച്ചു കൊണ്ടിരിക്കും. അടിമ ഉത്തമഹൃദയനും ഉൽകൃഷ്ട സ്വഭാവിയുമാണെങ്കിൽ പരീക്ഷണവും അതിനനുസരിച്ച് കഠിനമായിരിക്കും. പുരുഷോത്തമരാണല്ലോ പ്രവാചകന്മാർ. അതുകൊണ്ട് അവർക്കുള്ള പരീക്ഷണങ്ങൾ ഗുരുതരങ്ങളായി. പ്രവാചകനായ അയ്യൂബിനെ അല്ലാഹു പരീക്ഷിച്ചത് കടുകഠിനമായ ഒരു രോഗംകൊണ്ടായിരുന്നു.

നല്ലവരിൽ നല്ലവനായ ഒരു ദൈവദാസനായിരുന്നു അയ്യൂബ്. സമ്പത്ത്, കുടുംബം, ആരോഗ്യം - ഈ മൂന്നു കാര്യത്തിലും അല്ലാഹു അദ്ദേഹത്തെ പരീക്ഷിക്കാനുറച്ചു. അങ്ങനെ ആദ്യം അദ്ദേഹത്തിന്റെ പണം പോയി. വലിയ സമ്പന്നനായിരുന്ന അയ്യൂബ് വളരെ ദരിദ്രനായി. സ്വന്തം കുടുംബവും നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം ദുസ്സഹമായ ഏകാന്തതയിലുമായി. അവസാനം ശരീരത്തിൽ ഗുരുതരമായ രോഗവും കഠിനമായ വേദനയും വന്നുകൂടി. എല്ലാം അദ്ദേഹം ക്ഷമയോടെ നേരിട്ടു. ഈയവസ്ഥയിലും സഹനം കൈവിടാതെ അല്ലാഹുവിനെ ആരാധിച്ചുകൊണ്ടും അവനെ സ്തുതിച്ചുകൊണ്ടും കഴിഞ്ഞുകൂടി.

സമ്പന്നതയിലെന്നപോലെ ദാരിദ്ര്യത്തിലും അയ്യൂബ് സംതൃപ്തനായിരുന്നു. കുടുംബത്തിനു നടുവിലെന്ന പോലെ ഏകാന്തതയ്ക്കുള്ളിലും സന്തുഷ്ടനായിരുന്നു. ആരോഗ്യമുള്ളപ്പോഴെന്നപോലെ രോഗാവസ്ഥയിലുമദ്ദേഹം ക്ഷമാലുവും

സഹനശീലനുമായിരുന്നു. ഏതവസ്ഥയിലും അയ്യൂബ് ദൈവഭക്തനായിരുന്നു.

അദ്ദേഹത്തിന്റെ രോഗം ശമനമില്ലാതെ നീണ്ടു. ദാരിദ്ര്യം രൂക്ഷമായി. ഉറ്റവരെല്ലാം അയ്യൂബിനെ വിട്ടകന്നു. അങ്ങനെ വ്യാധിയും വറുതിയും ഏകാന്തതയും തന്നെ അള്ളിപ്പിടിച്ചിരുന്നപ്പോഴും സഹനവും ഭക്തിയും കൈവിടാതിരുന്ന ആ അടിമയോട് ഒരു ദിവസം പിശാച് പറഞ്ഞു:

“അയ്യൂബേ, ഈ ശിക്ഷയും വേദനയുമെല്ലാം നിന്നെ ബാധിച്ചിരിക്കുന്നത് ഞാൻ പറയുന്നത് നീ അനുസരിക്കാത്തതുകൊണ്ടാണ്. ഇനിയെങ്കിലും ഞാൻ പറയുന്നതൊന്നു കേൾക്കൂ. ഒരൊറ്റ ദിവസത്തേക്കെങ്കിലും ക്ഷമ കൈവിട്ട് എന്നെ അനുസരിക്കൂ. ശിക്ഷയും വേദനയും നീങ്ങി നീ സുഖം പ്രാപിക്കും.”

പിശാചിനെ ആട്ടിയകറ്റിക്കൊണ്ട് അയ്യൂബ് പറഞ്ഞു:

“പോ എന്റെ മുമ്പിൽനിന്ന്. നിന്റെ തന്ത്രങ്ങളൊന്നും എന്റെയടുത്ത് ചെലവാകില്ല. സഹനവും ഭക്തിയും നന്ദിയും ഒരു കാരണവശാലും ഞാൻ ഉപേക്ഷിക്കാൻ പോകുന്നില്ല.”

പിശാച് നിരാശയോടെ അയ്യൂബിന്റെ മുറിയിൽ നിന്ന് ഇറങ്ങിപ്പോയി. തന്നെ വഞ്ചനയിൽ വീഴ്ത്താൻ വന്ന ഇബ്‌ലീസിനോടുള്ള അടക്കാനാവാത്ത ഈർഷ്യവുമായി അദ്ദേഹമിരുന്നു.

ഈ സന്ദർഭത്തിലാണ് അദ്ദേഹത്തിന്റെ ഭാര്യ അയ്യുറഷ് അവിടെ കടന്നുവന്നത്. ഇതുവരെയും തന്നെ തിരിഞ്ഞുനോക്കാതിരുന്ന അവളെ ആ സമയത്തവിടെ കണ്ടപ്പോൾ അയ്യൂബിന്റെ

കോപം ശമിച്ചു. താൻ എന്നു സുഖം പ്രാപിക്കുന്നുവോ അന്നവളെ നൂറടിയടിക്കുമെന്ന് അദ്ദേഹമപ്പോൾ ശപഥം ചെയ്തുപോയി. ഒരിക്കലും താൻ സുഖം പ്രാപിക്കാൻ പോകുന്നില്ല എന്നുതന്നെയായിരുന്നു ആ ശപഥമെടുക്കുമ്പോഴും അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം.

ആ രാത്രി അയ്യൂബ് എഴുന്നേറ്റ് മലയിലേക്കു പോയി. അദ്ദേഹം തന്റെ രക്ഷിതാവിനെ വിളിച്ചു പ്രാർത്ഥിച്ചു.

"നമ്മുടെ ദാസൻ അയ്യൂബിനെ ഓർക്കുക. പിശാച് എനിക്ക് ദുരിതവും ക്ലേശവും വരുത്തിവെച്ചുവല്ലോ എന്ന് അദ്ദേഹം തന്റെ നാഥനെ വിളിച്ചു കേണപ്പോൾ"

അതെ, കണ്ണീർ വാർത്തുകൊണ്ട് അയ്യൂബ് അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ആ പ്രാർത്ഥന കേട്ട് അല്ലാഹു കൽപിച്ചു:

"നിന്റെ കാലുകൊണ്ട് മണ്ണിൽ അടിക്കുക. ഇതാ, കുടിക്കാനും കുളിക്കാനുമുള്ള കുളിർജലം"

മലയിലെ ഒരു തെളിനീരരുവിയിൽ നിന്ന് കുളിക്കാനും കുടിക്കാനുമായിരുന്നു അദ്ദേഹത്തോട് അല്ലാഹുവിന്റെ കൽപന. കൽപനപോലെ അയ്യൂബ് അരുവിയിലിറങ്ങി കുളിക്കുകയും അതിൽ നിന്ന് കുടിക്കുകയും ചെയ്തു. അവസാനത്തെ കവിൾ കുടിച്ചതും തന്റെ രോഗം മാറിത്തുടങ്ങുന്നതായി അദ്ദേഹമറിഞ്ഞു. അയ്യൂബിന്റെ പനിമാറി, വേദനയകന്നു. ശരീരോഷ്മാവ് സാധാരണ നിലയിലായി.

അല്ലാഹുവിന്റെ അപാരമായ കാരുണ്യമായി

അയ്യൂബിന് തന്റെ കുടുംബത്തെയും തിരിച്ചുകിട്ടി. പിന്നീടൊരിക്കലും അദ്ദേഹം ഏകാകിയായില്ല.

പ്രപഞ്ചനാഥന്റെ മഹത്തായ ഔദാര്യമായി അദ്ദേഹത്തിനു കണക്കറ്റ സമ്പത്തും ലഭിച്ചു. പിന്നീടൊരു കാലത്തും അദ്ദേഹം ദരിദ്രനായില്ല.

നീണ്ടുനിന്ന രോഗത്തിനുശേഷം അദ്ദേഹത്തിന് ആരോഗ്യവും വീണ്ടുകിട്ടി. അയ്യൂബ് അല്ലാഹുവിന് നന്ദി പറഞ്ഞു.

സുഖം പ്രാപിച്ചാൽ തന്റെ ഭാര്യയെ നൂറടി അടിക്കുമെന്ന് പ്രതിജ്ഞയെടുത്തിരുന്നുവല്ലോ അദ്ദേഹം. ഇപ്പോഴിതാ സുഖം പ്രാപിച്ചുകഴിഞ്ഞു. യഥാർത്ഥത്തിൽ അവളെ അടിക്കാനുദ്ദേശ്യമുണ്ടായിരുന്നില്ലെന്ന് അല്ലാഹുവിനറിയാം. പക്ഷെ സത്യം ലംഘിക്കാതിരിക്കാനും പ്രതിജ്ഞ നിറവേറപ്പെടാനും വേണ്ടി നൂറു തുളസിച്ചുള്ളികൾ ചേർത്തുകെട്ടി അതുകൊണ്ട് ഭാര്യയെ ഒരടിയടിക്കാൻ അല്ലാഹു നിർദേശിച്ചു. ആ പ്രശ്നം അങ്ങനെ പരിഹരിച്ചു.

അയ്യൂബിന്റെ ക്ഷമയെ അല്ലാഹു ഇങ്ങനെ പ്രകീർത്തിച്ചിരിക്കുന്നതായി കാണാം:

"നാമദ്ദേഹത്തെ ക്ഷമാശീലനെന്നു കണ്ടു. ശ്രേഷ്ഠനായ ദാസൻ. തന്റെ നാഥനിലേക്ക് ഏറെയേറെ മടങ്ങുന്നവൻ."

Salma Jabin


GOOD
THINGS
take time
DON'T GIVE UP

# പ്രാർത്ഥനകൾ

ഉറക്കം വരാത്തപ്പോൾ :-

* اللّهمّ غارت النّجوم وهدأت العيون وأنت حيّ قيّوم لا تأخذه سنة ولا نومٌ ياحيّ يا قيّوم اهدأ ليلي وانم عيني

അല്ലാഹുവേ, നക്ഷത്രങ്ങൾ അസ്തമിച്ചു, കണ്ണുകളടഞ്ഞു. ~~നിത്യജീവി~~ നിത്യ ജീവിത്തായവനും അനശ്വരനുമാണ് നീ. നിന്നെ നിദ്രയോ മയക്കമോ ബാധിക്കുന്നില്ല. അല്ലയോ അനന്താ, അനശ്വരാ, എന്റെ രാവിനെ ശാന്തമാക്കിത്തരുക. എന്റെ കണ്ണുകൾക്ക് ഉറക്കവും നൽകുക.

---

ഉറക്കമുണരുമ്പോൾ :-

* الحمد لله الّذي احيانا بعد ما أماتنا وإليه النّشور (بخاري)

നമ്മെ മരിപ്പിച്ച് വീണ്ടും ജീവിപ്പിച്ച അല്ലാഹുവിന് സ്തുതി. അവങ്കലേക്കാണ് ഉയിർത്തെഴുന്നേൽപ്.

اللّهم اجعل في قلبي نورًا وفي سمعي نورًا وفي بصري نورًا وعن يميني نورًا وعن شمالي نورًا ومما بين يدي نورًا ومن خلفي نورًا ومن فوقي نورًا ومن تحتي نورًا وانظم لي نورًا يوم القيامة

അല്ലാഹുവേ, എന്റെ ഹൃദയത്തിലും കണ്ണിലും കാതിലും ഇടത്തും വലത്തും മുന്നിലും പിന്നിലും മുകളിലും താഴെയും പ്രകാശം

ചൊരിയേണമേ! ഉന്നതനായ നാഥൻ എനിക്ക് കൂടുതൽ
വെളിച്ചം പ്രദാനം ചെയ്യേണമേ!

---

രാത്രി ഞെട്ടിയുണരുമ്പോൾ :-

لا إله إلا الله وحده لا شريك له له الملك وله الحمد وهو على كل شيء
قدير وسبحان الله والحمد لله ولا إله إلا الله والله أكبر ولا حول
ولا قوة إلا بالله اللهم اغفرلي
(بخاري)

അല്ലാഹു അല്ലാതെ ഒരു ദൈവമില്ല.
ഏകനും അനുപമനുമായ അല്ലാഹു
അവനാകുന്നു ആധിപത്യവും സ്തുതിയും! അവൻ സർവശക്തനാണ്
അല്ലാഹു പരിശുദ്ധൻ. സർവസ്തുതിയും അല്ലാഹുവിന്. അല്ലാഹു അല്ലാതെ
ആരാധ്യനില്ല. അല്ലാഹു അതിമഹത്വമുടയവൻ. അല്ലാഹു മുഖേനയ-
ല്ലാതെ ഒരു ശക്തിയും കഴിവുമില്ല. അല്ലാഹുവേ! എനിക്ക്
പൊറുത്തുതന്നാലും

ഉറക്കിൽ നിന്ന് ഭയന്നെണീക്കുമ്പോൾ :-

أعوذ بكلمات الله التامات من غضبه وعقابه وشر عباده
ومن همزات الشياطين وأن يحضرون (ترمذي)

അല്ലാഹുവിന്റെ സമ്പൂർണ വചനങ്ങളിൽ ഞാൻ അഭയം
തേടുന്നു. അവന്റെ കോപത്തിൽ നിന്ന്, ശിക്ഷയിൽനിന്ന്, അവന്റെ
അടിമകളുടെ നാശത്തിൽ നിന്ന്, പിശാചുക്കളുടെ ദുർബോധനങ്ങ-
ളിൽ നിന്ന്, അവരുടെ സാന്നിധ്യത്തിൽ നിന്നും.

Do yourself a favor and learn
How to walk away.
Whe a connection starts to fade,
learn how to let it go.
When a person starts to mistreat
you learn how to more on....
To something and someone better.
Don't waste your energy trying to
force something that isn't meant
to be... Because truth is...
For every one person who doesn't
value you... there are tones more
waiting to love you better
"DO BETTER"

love

حب

"നിന്റെ ജീവിതത്തിൽ ചിരിക്കുക,
എന്നും നിന്റ് മാത്രം പോവുക,
സ്നേഹത്തെ ആശ്ലേഷിക്കുക"

"സ്വപ്നങ്ങൾ പരിഗണിക്കുക
കാരണം എല്ലാത്തിനും പരിഹാരമല്ല"

"മോശം അനുഭവങ്ങളിലൂടെ
കടന്നു പോകുമ്പോൾ ചിന്തിച്ചതിന്
ശേഷം മാത്രം പ്രതികരിക്കുക"

"ചെയ്യാൻ കഴിയില്ല എന്നു തോന്നുന്ന
കാര്യങ്ങൾ ചെയ്യുമ്പോഴാണ്
ജീവിതത്തിൽ വഴിത്തിരിവുകൾ
ഉണ്ടാകുന്നത്"

"നിങ്ങളുടെ മുഖം നിങ്ങളുടെ
സ്വഭാവത്തെ വിവരിക്കുന്നില്ല
പക്ഷെ പെരുമാറ്റം വിവരിക്കുന്നു"

"നിങ്ങൾ ശരിയായി ജീവിക്കുകയാണെങ്കിൽ
നിങ്ങൾക്ക് അർഹമായതെല്ലാം
ജീവിതം നൽകും"

# കരുണ കാണിക്കേണ്ടവർ

ഉമ്മയും ഉപ്പയും നമ്മുടെ ജീവിതത്തിന്റെ സൗഭാഗ്യമാണ്. അവർ നമുക്കുവേണ്ടി ധാരാളം ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ട്. നാം അവരോട് വളരെയധികം കടപ്പെട്ടവരാണ്. അവർക്ക് നന്മ ചെയ്യണമെന്ന് അല്ലാഹു നമ്മോട് കല്പിച്ചിട്ടുണ്ട്. വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതും ശുശ്രൂഷിക്കുന്നതും വളരെ പുണ്യമുള്ള കാര്യമാണ്. മാതാപിതാക്കളോടുള്ള ബന്ധവും കടപ്പാടും അവരുടെ മരണ ശേഷവും തുടരണമെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. അവരുടെ കടങ്ങൾ വീട്ടുക, അവരുടെ കരാറുകൾ പൂർത്തിയാക്കുക, അവരുടെ ബന്ധങ്ങൾ നിലനിർത്തുക, അവരുടെ സുഹൃത്തുക്കളെ ആദരിക്കുക, അവർക്കു വേണ്ടി പ്രാർത്ഥിക്കുക. തുടങ്ങിയവ വളരെ പ്രധാനപ്പെട്ടവയാണ്.

മാതാപിതാക്കളോടുള്ള പെരുമാറ്റത്തിൽ നാം വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. അവരോട് സംസാരിക്കുന്നത് പോലും സൂക്ഷ്മതയോടെയായിരിക്കണം. വാർധക്യത്തിലെത്തിയാൽ പ്രത്യേകിച്ചും.

# മാതാപിതാക്കൾ

വാർധക്യം ജീവിതത്തിന്റെ ഒരു പ്രത്യേക-
അവസ്ഥയാണ്. വൃദ്ധജനങ്ങളെ കരുണ-
യോടും ആദരവോടും കാണേണ്ടത് നമ്മു-
ടെ കർത്തവ്യമാണ്. നമ്മുടെ നാട്ടിൽ വൃദ്ധ-
സദനങ്ങൾ കൂടിവരുന്നത് ദുഃഖകരമായ കാര്യ-
മാണ്. നാം ഒരിക്കലും നമ്മുടെ മാതാപി-
താക്കളെ വൃദ്ധസദനങ്ങളിൽ ഏല്പിക്ക-
രുത്. അവർ നമ്മോടൊപ്പം കഴിയേണ്ട-
വരാണ്.

വൻപാപങ്ങളിൽ ഏറ്റവും ഗുരുതരമായ-
ത് ഏതാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞു-
തരട്ടേയോ. ഞങ്ങൾ പറഞ്ഞു: അതെ പ്രവാ-
ചകരെ. അപ്പോൾ നബി (സ) പറഞ്ഞു.
അല്ലാഹുവിൽ പങ്കുചേർക്കലും മാതാ-
പിതാക്കളെ വിഷമിപ്പിക്കലുമത്രേ അത്.


Just
KEEP
GOING

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| A | c | e | G | z | I | y | w | R | o | p | q | S | r | C | L | B |
| w | x | y | m | f | d | M | o | n | k | e | y | E | P | J | v | w |
| f | A | w | r | H | A | N | A | o | z | L | r | d | a | t | f | D |
| o | u | O | v | d | p | o | a | n | d | e | r | z | g | T | H | U |
| D | f | C | l | B | c | L | d | e | f | a | d | k | i | N | K | c |
| R | e | o | t | f | U | w | i | y | p | J | A | g | o | E | t | k |
| t | A | b | f | H | e | a | H | O | v | L | e | E | f | H | f | d |
| e | j | C | a | t | g | P | e | s | m | r | g | H | o | P | e | c |
| l | f | i | d | H | a | L | C | H | R | b | p | k | m | E | w | b |
| Q | A | b | z | c | o | f | i | d | c | o | w | m | A | L | M | A |
| r | x | t | H | y | z | l | b | L | w | S | A | i | n | E | o | x |
| h | a | g | o | a | t | y | x | z | p | D | o | g | d | J | e | y |
| w | y | H | a | n | t | u | b | o | t | v | M | w | u | x | z | N |
| H | o | o | A | A | C | b | e | a | r | d | e | f | g | H | i | y |
| Z | u | m | N | f | Q | S | a | l | m | e | H | o | r | S | e | R |

- Lion ☐
- Leopard ☐
- Cat ☐
- Dog ☐
- Elephant ☐
- deer ☐
- Tiger ☐
- goat ☐
- Cow ☐
- monkey ☐
- bear ☐
- Horse ☐

# സത്യം പറയുക

നിങ്ങൾ സത്യസന്ധത
സൂക്ഷിക്കുക
കാരണം സത്യസന്ധത
പുണ്യത്തിലേക്ക് വഴി
കാണിക്കുകയുള്ളൂ
പുണ്യമാകട്ടെ
സ്വർഗത്തിലേക്കും !

(ബുഖാരി.)

# സേവകനായ ജനനായകൻ

ഒരു വലിയ തോൽ സഞ്ചിയുമായി രാത്രി മദീനയിലൂടെ നടന്നു പോകുന്ന ആ സ്ത്രീയെ കണ്ടപ്പോൾ അയാൾ അവരെ വിളിച്ച് കാര്യമന്വേഷിച്ചു. അവർക്ക് വേലക്കാരും സഹായികളും ഇല്ലാത്തതിനാൽ വെള്ളം ശേഖരിക്കാൻ രാത്രിയാവാൻ കാത്തുനിന്നതാണെന്ന് ആ സ്ത്രീ പറഞ്ഞു. അയാൾ അവരുടെ തോൽ പാത്രം വാങ്ങി വെള്ളം നിറച്ച് അവരുടെ വീട്ടിൽ എത്തിച്ച ശേഷം ഇങ്ങനെ പറഞ്ഞു. "നേരം പുലർന്ന ശേഷം നിങ്ങൾ ഖലീഫയെ കാണാൻ പോകണം. നിങ്ങൾക്ക് ഖലീഫ വേലക്കാരനെ തരും".. ജോലിത്തിരക്കുള്ള ഖലീഫക്കരികിൽ ഇക്കാര്യം പറഞ്ഞ് എങ്ങനെ ചെല്ലും എന്ന് ആ സ്ത്രീ സംശയം പ്രകടിപ്പിച്ചു. അയാൾ പറഞ്ഞു: "നിങ്ങൾ രാവിലത്തന്നെ ചെല്ലൂ. നിങ്ങൾക്ക് ഖലീഫയെ കാണാൻ പറ്റും. ഇൻശാ അള്ളാഹ്". പിറ്റേന്നു കാലത്ത് ഖലീഫയുടെ സന്നിധിയിൽ എത്തിയ ആ സ്ത്രീ അമ്പരന്നു പോയി. തലേന്നു രാത്രി തന്നെ സഹായിച്ച ആൾ മുസ്ലിംകളുടെ ഖലീഫയായിരുന്നുവോ"! അവരോട് പുഞ്ചിരിച്ച് ചിലവിനുള്ള തുകയും ഒരു വേലക്കാരനെയും നൽകി ഖലീഫ അവരെ തിരിച്ചയച്ചു.

afeefa.M.V


لا إله إلا الله محمد رسول الله

* സൗന്ദര്യത്തിന്റെ കുറവ് നല്ല സ്വഭാവത്തിലൂടെ
പരിഹരിക്കാൻ പറ്റും.
എന്നാൽ നല്ല സ്വഭാവത്തിന്റെ കുറവ്
സൗന്ദര്യത്തിന് പരിഹരിക്കാനാവില്ല.

ദുനിയാവിന്റെ
ചിന്തകളുമായി നടക്കുന്ന അധിക-
കൂട്ടുകാരേക്കാൾ ഉത്തമം.
വൺറിന്നായതം.

പരലോക ചിന്തയും.
ഓർമ്മിപ്പിക്കുന്ന ഒരു കൂട്ടുകാരനാണ്.

I Leave My affairs in the
Care of Allah.

in God's Safety

Afeefa.

Be The

Reason

SOMEONE

SMILE

Today

# الموت

രോഗം എന്നത് ആരും ഇഷ്ടപ്പെടുന്നില്ല എന്നാൽ വിന്യാസ്തമായ ഒരു രോഗമുണ്ട് പണ്ടുകാലങ്ങളിൽ ലോകത്ത് എല്ലായിടത്തും വ്യാപിച്ചിരുന്ന വസൂരി എന്ന രോഗത്തിന് ഇംഗ്ലണ്ടിലെ ഒരു ഗ്രാമീണ ശാസ്ത്രജ്ഞനായ എഡ്വേർഡ് ജന്നർ വാക്സിൻ കണ്ടുപിടിച്ചു അതുപോലെ ഇന്ന് കേരളത്തിൽ വ്യാപിച്ചു കൊണ്ടിരിക്കുന്ന കാൻസർ എന്ന രോഗത്തിന് ശാസ്ത്ര ലോകം പ്രതിരോധ മാർഗങ്ങൾ കണ്ടെത്തിയിരിക്കുന്നു. എന്നാൽ ഇന്ന് വരെ ആരും മരുന്ന് കണ്ടെത്താത്ത ഇനി ശാസ്ത്ര ലോകം എത്ര എത്ര പരീക്ഷണ നിരീക്ഷണം നടത്തിയാലും പ്രതിവിധി കണ്ടെത്താൻ സാധിക്കാത്ത ഒരു രോഗമുണ്ട് ഈ ലോകത്തിന്റെ സകല മനുഷ്യനും അനുഭവിച്ച രോഗം അതാണ് മരണം. മരണം ഒരു അതിഥിയെ പോലെ നമ്മിലേക്കു കടന്നു വരും.

Sulmanul faris v

# ഗസ്സയിലെ കുട്ടികൾ

ഒരു പിഞ്ചുകുഞ്ഞിന്റെ മേനിയിലൂടെ
ചോരയിൽ കുഞ്ഞനിയൾ
അച്ഛനില്ലമ്മയില്ലാ കൂടെയില്ലാതെ
അലറിക്കരയുന്നു പിഞ്ചുബാലൻ.

എവിടേക്കു പോകും, എന്തു ചെയ്യും?
ചുറ്റിലും പടരും തീക്കനൽ
ബോംബ് വർഷങ്ങൾ കാതിലില്ല
പോകുവാനായിനി ഇടവുമില്ല.

ജീവനില്ലെങ്കിലും
ശ്വാസമില്ലെങ്കിലും
കുഞ്ഞനിയനെ
കൈവിടാൻ വയ്യ.

കൈ കൊണ്ട് മണ്ണു വകഞ്ഞുമാറ്റി,
ഒരു ചെറുകുഴിയാക്കി
കുഴിയതു പൊന്നാക്കി
അനിയനെ ചുംബനം ചേർത്തിറക്കി...

ഉണ്ണിക്കുട്ടി തിരിഞ്ഞുനടക്കാൻ
പിഞ്ചുമനസ്സിനു കഴിയുന്നില്ല.
കൂടപ്പിറപ്പിന്റെ കൂടെയാ ബാലനും
കുഴിയിലിറങ്ങിക്കിടന്നു ചേർന്ന്.

ആരാണ് മനുഷ്യൻ...? എന്തിനാണ് ജീവിതം

# ആരാണ് മനുഷ്യൻ...? എന്തിനാണ് ജീവിതം

മനുഷ്യൻ അവനെത്തന്നെ തിരിച്ചറിയുക എന്നതാണ് മാറ്റത്തിന്റെ തുടക്കം. ഉക്ക ദൗർഭാഗ്യകരമെന്നു പറയാം ജീവിതമെന്താണെന്നും, ആരാണ് മനുഷ്യനെന്നും നിർവചിക്കുന്നിടത്ത് തന്നെ ഭൂരിഭാഗത്തിനും അബദ്ധം സംഭവിക്കുകയാണ്. പുനർജന്മങ്ങളിലൂടെ മുജ്ജന്മ പാപങ്ങളെ സുകൃതഭോ അനുഭവിക്കുന്നതെന്നും, വിശ്വാസം കൊണ്ട് ജന്മ പാപം കഴുകിക്കളയാനുള്ള അവസരമെന്നും, പരമാവധി ആസ്വദിച്ചു കൊണ്ട് മരണത്തോട് അവസാനിക്കാൻ പോകുന്ന പ്രവാസമെന്നുമെല്ലാം ജീവിതത്തെ പലരും വ്യാഖ്യാനിക്കാൻ ശ്രമിക്കു- എന്നാൽ ജീവിതത്തെ കുറിച്ചും ജീവിതലക്ഷ്യത്തെ കുറിച്ചും കൃത്യവും വ്യക്തവുമായ ഉത്തരം നൽകുന്ന ആദർശ സംഹിതയാണ് ഇസ്ലാം.

മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി സത്യവും അസത്യവും തിരിച്ചറിയാനുള്ള വിവേചന ബുദ്ധിയും, തെറ്റും ശരിയും ഒരു പോലെ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും നൽകപ്പെട്ട, പടച്ചവന്റെ സവിശേഷ സൃഷ്ടിയാണ് മനുഷ്യൻ. വിശ്വാസവും കർമ്മങ്ങളും കൊണ്ട് ഉന്നതനോ നികൃഷ്ടനോ ആകാൻ കഴിയുന്നവൻ, വിമലീകരണത്തിലൂടെ ശാശ്വത സ്വർഗം ലഭിക്കാൻ പോകുന്ന ഭാഗ്യവാൻ, അല്ലെങ്കിൽ മലിനീകരണത്തിലൂടെ ശാശ്വത നരകം-

ലഭിക്കാൻ പോകുന്ന നിർഭാഗ്യവാൻ, അതാണ് മനുഷ്യൻ. മനുഷ്യ ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയാണ് മരണം.... മരണമെന്ന യാഥാർത്ഥ്യത്തിന് മുമ്പിൽ പകച്ചു നിൽക്കാത്തവർ ആരാണുണ്ടാവുക...? പണവും സൗന്ദര്യവും അധികാരവും ഉണ്ടായിരുന്നാലും മരണം കടന്നു വരിക തന്നെ ചെയ്യും. മരണത്തോടെ അവസാനിക്കാത്ത അനന്തവും അനശ്വരവുമായ ഒരു ജീവിതത്തിലേക്കുള്ള പ്രവേശിക കവാടമാണ് പരലോക ജീവിതം

ആരാണ് മനുഷ്യൻ എന്ന ചോദ്യത്തിന്ന് വിശുദ്ധ ഖുർആൻ തൃപ്തികരമായ ഉത്തരം നൽകുന്നു.-

'കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും, കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു. തീർച്ചയായും നാം അവന് വഴി കാണിച്ചു കൊടുത്തിരിക്കുന്നു. ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു. [ഖുർആൻ 76:2,3]

'എന്നാൽ നിർഭാഗ്യമടഞ്ഞവരാകട്ടെ അവർ നരകത്തിലായിരിക്കും. [ഖുർആൻ 11:106]

'എന്നാൽ സൗഭാഗ്യം സിദ്ധിച്ചവരാകട്ടെ, അവർ സ്വർഗത്തിലായിരിക്കും [ഖുർആൻ 11:108]

difficult

ROADS




OFTEN LEAD TO

beautiful

DESTINATIONS

# കുഞ്ഞിളം വെട്ടവും കുഞ്ഞോളം കിനാവും..♥

പലസ്തീൻ എന്ന അനുദിനം ചെറുതായിക്കൊണ്ടിരിക്കുന്ന രാജ്യത്തിലെ പ്രധാന പട്ടണമാണ് ഗസ്സ. പതിവുപോലെ തന്നെ ഗസ്സയിലെ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങൾക്കു മുകളിലായി സൂര്യനുദിച്ചു. സൽമ മോൾ സൂര്യനെ കണ്ടുതുടങ്ങിയ കാലം മുതൽക്ക് ഇന്നുവരെയ്ക്കും സൂര്യൻ അവിടെത്തന്നെയാണ് ഉദിക്കാറുള്ളത്. അതിരാവിലെ ജോലിക്കു പോകുവാൻ തയാറെടുക്കുന്ന ഉപ്പയോട് അവൾ ചോദിച്ചു; 'ഉപ്പാ, സൂര്യനെന്താ എല്ലാ ദിവസവും ആ ഇടിഞ്ഞു പൊളിഞ്ഞ കെട്ടിടത്തിനു മുകളിലായി ഉദിക്കുന്നത്? വേറെ എത്രയെത്ര കെട്ടിടങ്ങളുണ്ട്? ഇടയ്ക്ക് സൂര്യന് മറ്റു കെട്ടി-

ടങ്ങളുടെ മുകളിലായി ഉദിച്ചുകൂടേ...?'
ചിരിച്ചുകൊണ്ട് മുഹമ്മദ് പറഞ്ഞു, 'അതു ണ്ടല്ലോ, എന്റെ സൽമമോൾ രാവിലെ ഉറങ്ങിയെഴു ന്നേറ്റു വാതിൽ തുറക്കുമ്പോൾ ആദ്യം കാണു ന്നത് ആ കെട്ടിടമല്ലേ. അതുപോലെ എന്റെ പൊന്നുമോളെ ആദ്യം കാണുവാനാണ് സൂര്യ ൻ കൃത്യമായി അവിടെ ഉദിക്കാറുള്ളത്. ഉപ്പയുടെ മറുപടി അവൾക്ക് നന്നേ ബോധിച്ചു. സെക്കാരം കണ്ണുകളുടെ തിളക്കത്തോടൊപ്പം അവൾ പു ഞ്ചിരിച്ചു. സൽമയുടെ ഉമ്മ ~~മൂന്നു~~ മൂന്നു വർഷ ങ്ങൾക്കു മുമ്പുണ്ടായ ബോംബാക്രമണത്തിൽ മരണപ്പെട്ടിരുന്നു. അന്നു മുതൽ ഉപ്പ മാത്രമാ ണ് അവൾക്കൊള്ളൂ. റഫാ പട്ടണത്തിലെ ~~ഷൂ~~ മെസ് ഫാക്ടറിലാണ് മുഹമ്മദ് ജോലി ചെയ്യു ന്നത്. അനുജൻ അബൂബക്കറിന്റെ വീട്ടിൽ സ ൽമയെ ഏൽപ്പിച്ചിട്ടാണ് ~~അ~~ അയാൾ ജോലി ക്ക് പോകാറുള്ളത്. അന്നും പതിവുപോലെ

പോകുന്നതിനു തൊട്ടു മുമ്പ് സൽമയുടെ നെറ്റി
യിൽ ചുമ്പിച്ചു കൊണ്ട് മുഹമ്മദ് പറഞ്ഞു:
'ഉപ്പ മടങ്ങി വരുമ്പോൾ മോള് പറഞ്ഞ പെയിൻ
ബോക്സ് വാങ്ങി വരാം കേട്ടോ...' അവൾ സന്തോഷ
ത്തോടെ ഉപ്പയെ കെട്ടിപ്പിടിച്ചു. അവരോട് യാത്ര
പറഞ്ഞ് സൈക്കിളിൽ കയറി അയാൾ പുറപ്പെ-
ട്ടു. അവരുടെ വീട്ടിൽ നിന്നും പത്തു കിലോ
മീറ്റർ അകലെയാണ് റബ്ബാ പട്ടണം. അതി രാവി
ലെ പുറപ്പെടുന്നതിനാൽ എന്നും കൃത്യസമ
യത്ത് മുഹമ്മദ് ഫാക്ടറിയിൽ എത്തിച്ചേരും.
പതിവു പോലെ അയാൾ ഫാക്ടറിയിൽ എത്തി
യപ്പോൾ മറ്റു തൊഴിലാളികൾ എത്തിത്തുടങ്ങു
ന്നേ ഉണ്ടായിരുന്നുള്ളൂ. അതേ സമയം അയ
ൽ വാസികളായ കുട്ടികളോടൊപ്പം കളിക്കുക
യായിരുന്നു സൽമ. ചെറിയ വീടുകൾക്കു
മറവിൽ ഒളിച്ചു കളിക്കുന്നതിനിടയിൽ പെ-
ട്ടെന്നായിരുന്നു അത് സംഭവിച്ചത്. ആ വീടുകൾ-

ക്ക് തീർത്ത യാതൊരു മുന്നറിയിപ്പുമില്ലാതെ
ഇസ്രായേൽ പട്ടാളം ബോംബുകൾ വർഷിച്ചു. കണ്ണ-
ടച്ചു തുറക്കുന്നതിനിടയിൽ അവിടമാകെ തകർന്നു.
കുട്ടികളുടെ നിലവിളികൾ ഉയർന്നു. ബോംബിട്ട ശേ-
ഷം ഇസ്രായേൽ വിമാനങ്ങൾ മടങ്ങിയപ്പോൾ നാ-
ട്ടുടത്ത് നിന്നും ജനങ്ങൾ ഓടിക്കൂടി. ഇടിഞ്ഞു
പൊളിഞ്ഞ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്കി-
ടയിൽ നിന്ന് കുട്ടികളെ കോരിയെടുത്തു കൊണ്ട്
അവർ ആശുപത്രിയിലേക്ക് ഓടി. പത്തു കുട്ടി-
കൾ ആശുപത്രിയിൽ എത്തുന്നതിനു മുമ്പ്
തന്നെ മരിച്ചിരുന്നു. സൽമയുടെ തലയ്ക്ക് പരിക്കു
പറ്റിയിട്ടുണ്ട്. അവളുടെ മുടി മുഴുവൻ വടിച്ച്
വൃത്തിയാക്കി മുറിവ് തുന്നിച്ച് ചെയ്ത് ഡോക്ടർ മറ്റു
കുട്ടികളിലേക്ക് നീങ്ങി. അൽപ്പ സമയത്തിനു ശേ-
ഷം സൽമ അബോധാവസ്ഥയിൽ നിന്നുണർന്നു. ക-
ണ്ണു തുറന്നു. അപ്പോൾ തന്നെ അവൾ കര-
യാൻ തുടങ്ങി. ആശുപത്രിയിലെ നേഴ്സ് മർയം
അവളുടെ [illegible] തലോടി സമാധാനിപ്പിക്കാൻ-

ശമിക്കുന്നുണ്ടായിരുന്നു. മുറിവുകളും തലയിലെ
വേദന ഒന്നുമല്ല അവളെ അലട്ടിയത്. ഫെ
യർ ബോൺഡുമായി വരാമെന്നു പറഞ്ഞ ഉപ്പ
മടങ്ങിയെത്തിയില്ലല്ലോ എന്നതായിരുന്നു അവ
ളുടെ സങ്കടം. നേഴ്സ് മറിയം അവളുടെ വെ-
ള്ളാരം കണ്ണുകളിലേക്ക് നോക്കി മന്ദഹസിച്ചു കൊണ്ട്
~~പ~~ പറഞ്ഞു തലയിലെ മുടി വരുമ്പോഴേ
ക്കും ഉപ്പ ഫെയർ ബോൺഡുമായി മടങ്ങിയെത്തും
മോളെ... അന്നേസമയം ആശുപത്രിയിൽ ടിവിയിൽ
വന്നൊരു വാർത്ത നിറഞ്ഞു നിന്നിരുന്നു. 'റഫാ
പട്ടണത്തിലെ ഹെൻസ് ഫാക്ടറിന് നേരെയുണ്ടായ
മിസൈൽ ആക്രമണത്തിൽ മുഴുവൻ തൊഴിലാളി
കളും നാൽപതോളം മരണപ്പെട്ടിരിക്കുന്നു.' കുഞ്ഞു
സൽമ കാത്തിരിപ്പിലാണ്. ഫെയർ ബോൺഡുമായി
മടങ്ങിയെത്തുന്ന ഉപ്പയെ....♥

ما شاء الله

masha allah

നാലുപേർക്ക് യാത്രചെയ്യാൻ കഴിയുന്ന ഒരു വണ്ടി. ഭൂമായി ഒരാൾ കടന്നു പോകുന്നു. പാതിവഴിയിൽ വെച്ച് ഒരാൾ കൈനീട്ടി. അദ്ദേഹം ചോദിച്ചു: ആരാണ് നിങ്ങൾ? അയാൾ പറഞ്ഞു: ഞാൻ സമ്പത്താണ്. എന്നാൽ കയറിക്കൊള്ളൂ. വാഹനം വീണ്ടും മുന്നോട്ട് നീങ്ങി. കുറച്ചു ദൂരം സഞ്ചരിച്ചപ്പോൾ ഒരാൾ കൈ നീട്ടി. അയാൾ ചോദിച്ചു: ആരാണ് നീ... അയാൾ പറഞ്ഞു: ഞാൻ അധികാരമാണ്. എന്നാൽ കയറിക്കൊള്ളൂ.... വീണ്ടും വാഹനം മുന്നോട്ട് നീങ്ങി. വീണ്ടും ഒന്നിൽ ഒരാൾ കൈനീട്ടി. അയാൾ ചോദിച്ചു. ആരാണ് നീ? അയാൾ പറഞ്ഞു: ഞാൻ ദീനമാണ്. അപ്പോൾ അയാളുടെ മുഖം ചുളിഞ്ഞു. അപ്പോൾ ദീനം പറഞ്ഞു: എനിക്ക് സീറ്റ് വേണ്ട. എല്ലാവരുടെയും ഇടയിൽ നിന്നാൽ മതി. പക്ഷെ? അതൊന്നും അയാൾ ചെവിക്കൊണ്ടില്ല. വാഹനം വീണ്ടും മുന്നോട്ടുരുണ്ടു. അങ്ങനെ മുന്നോട്ട് പോകുമ്പോൾ ഒത്തിരിദൂരം ഒരാൾ കൂടി കൈ നീട്ടി. അയാൾ ചോദിച്ചു. ആരാണ് നീ? അയാൾ പറഞ്ഞു. ഞാൻ യാത്ര ചെയ്യാൻ വന്നതല്ല. നിങ്ങളെയും കൊണ്ട് പോവാൻ വന്ന മരണമാണ് ഞാൻ. അയാൾ പറഞ്ഞു: സീറ്റ്- ... ഒഴിഞ്ഞിരിക്കുന്ന യാത്രക്ക് വേ-ണ്ട്. പക്ഷെ

· ട്രൂടാന്റ്. ഒരാളും പറഞ്ഞു: സമ്മതം.
അറിഞ്ഞിരിക്കുന്നു അധികാരത്തെ അറിഞ്ഞിരിക്കുന്നു,
കുട്ടിന് ട്രിനഞ്ഞിൽ കുട്ടിക്കൊണ്ടു..
അയാൾ പറഞ്ഞു കന്ന് തീർച്ചയായും
വഴിയിൽ ട്രിൻ ഉണ്ടായിരുന്നു. അങ്ങനെ ഞാൻ
വരാം.. . . .
ചിന്തിക്കുക.
ജീവിതത്തിൽ ട്രിൻ ഉൾക്കൊണ്ടില്ല.
ഇതിൽ എന്തുണ്ടായിട്ടും കാര്യമില്ല. ട്രിനിയായി.
ജീവിച്ച്: മൂന്നാമനോട് കൂടി മരിക്കാൻ നാലാം-
നമുക്ക് ഭാഗ്യം നൽകുന്നതാകട്ടെ . . .
അതിൻ . . . . . .

يَٰعِبَادِيَ ٱلَّذِينَ ءَامَنُوٓاْ إِنَّ أَرۡضِي وَٰسِعَةٌ فَإِيَّٰيَ فَٱعۡبُدُونِ (٥٥)
كُلُّ نَفۡسٍ ذَآئِقَةُ ٱلۡمَوۡتِۖ ثُمَّ ~~إِلَيۡنَا~~ إِلَيۡنَا تُرۡجَعُونَ (٥٦)

വിശ്വസിച്ചവരായ എന്റെ ദാസന്മാരേ, തീർച്ചയായും
എന്റെ ഭൂമി വിശാലമാകുന്നു. അതിനാൽ എന്നെ
മാത്രം നിങ്ങൾ ആരാധിക്കുവിൻ.
ഏതൊരാളും മരണത്തെ ആസ്വദിക്കുന്നതാണ്.
പിന്നീട് നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങൾ മട-
ക്കപ്പെടുകയും ചെയ്യും.
[അൻകബൂത്ത് 29:56, العنكبوت]



Life will always put stones in your way,

It depends on you what you build from them

a "wall" around yourself or a "bridge" to your dreams.

# സ്വാലിഹ് (അ)

"സമൂദ്" എന്ന ഗോത്രത്തിലേക്കാണ് സ്വാലിഹിനെ അല്ലാഹു അയച്ചത്. സമൂദും വിഗ്രഹങ്ങളെ പൂജിച്ചിരുന്ന ഒരു ഗോത്രമാണ്. പ്രവാചകനായ സ്വാലിഹ് പറഞ്ഞു:

"എന്റെ ജനങ്ങളേ, അല്ലാഹുവിനെ ആരാധിക്കുക അവനല്ലാതെ നിങ്ങൾക്ക് മറ്റൊരാരാധ്യനില്ല."

എല്ലാ പ്രവാചകൻമാരും പറയാറുള്ള വാക്കുകൾ. മാറ്റവും തിരുത്തലുമില്ല. സത്യത്തിനു മാറ്റത്തിരുത്തലുകളില്ലല്ലോ. സ്വാലിഹിന്റെ വാക്കുകൾ കേട്ട് സമൂദിലെ പ്രമാണികൾ സ്തബ്ധരായി. അദ്ദേഹം അവരുടെ ആരാധ്യരെ തള്ളിപ്പറയുന്നു; വില കെടുത്തുന്നു. അവയെ ആരാധിക്കുന്നതിനെ വിലക്കുന്നു; അല്ലാഹുവിനെ മാത്രം ആരാധിക്കാൻ ഉപദേശിക്കുന്നു!

സ്വാലിഹിന്റെ പ്രബോധനം സമൂഹത്തെ പിടിച്ചുകുലുക്കുകതന്നെ ചെയ്തു. ബുദ്ധിയിലും ശുദ്ധിയിലും നന്മയിലും സുസമ്മതനായിരുന്നു സ്വാലിഹ്. ദിവ്യവെളിപാടുണ്ടാകുന്നതിനും പ്രബോധനം തുടങ്ങുന്നതിനും മുമ്പ് ജനം അദ്ദേഹത്തെ ആദരിച്ചിരുന്നു. സ്വാലിഹിനോട് ജനത പറഞ്ഞു:

"നീ ഞങ്ങൾക്ക് വളരെ പ്രതീക്ഷയ്ക്കുള്ള ആളായിരുന്നല്ലോ സ്വാലിഹേ! നമ്മുടെ പിതാക്കൾ ആരാധിച്ചിരുന്നവയെ പൂജിക്കുന്നതു നീയിപ്പോൾ വിലക്കുകയാണോ? നിന്റെ ഉപദേശങ്ങളിൽ ഞങ്ങൾക്കു സന്ദേഹമുണ്ട്"

ജനം അദ്ദേഹത്തെ അംഗീകരിക്കുകയില്ലെന്നത് വ്യക്തമായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ അവർ സംശയാലുക്കളായിരുന്നു. അദ്ദേഹത്തിന് എന്തോ ബാധയുണ്ടെന്നുവരെ അവർ വിശ്വസിച്ചു. താൻ ദൈവ-

2

ദൂതനാണെന്നു സ്ഥാപിക്കാൻ എന്തെങ്കിലും ഒരു അത്ഭുതം കാണിക്കാൻ അവർ സ്വാലിഹിനോടു ആവശ്യപ്പെട്ടു. അത് അംഗീകരിക്കാൻ ദൈവനിശ്ചയവുമുണ്ടായി.

മലകളിൽ വലിയ വീടുകൾ കൊത്തിയുണ്ടാക്കുന്ന ജനതയായിരുന്നു സമൂദ്. കെട്ടിടനിർമാണത്തിന് അവർ പാറകൾ ഉപയോഗിച്ചിരുന്നു. അവർ ശക്തന്മാരായിരുന്നു. എല്ലാ വസ്തുക്കളിൽ നിന്നും അല്ലാഹു അവർക്ക് രക്ഷണം നൽകിയിരുന്നു.

(പ്രവാചകത്വം ബോധ്യപ്പെടുത്താൻ അത്ഭുതം കാണിക്കണമെന്നതിന്നു മറുപടിയായി സ്വാലിഹ് പറഞ്ഞു:

“എന്റെ ജനങ്ങളേ, നിങ്ങൾക്കു ദൃഷ്ടാന്തമായി ഇതാ അല്ലാഹുവിന്റെ ഒട്ടകം.” മലയിലെ ഒരു പാറ പിളർന്ന് അതിൽനിന്ന് പുറത്തുവന്നതാണ് ആ ഒട്ടകം! സാധാരണ ഒരു ജന്മമായിരുന്നില്ല അതിന്റേത്. ഒരു ദിവസം കൊണ്ട്, മറ്റൊരു മൃഗത്തിനും ബാക്കിവെക്കാതെ ഒരു കിണറ്റിലെ വെള്ളം മുഴുവൻ അത് കുടിക്കുമായിരുന്നു. വെള്ളം കുടിക്കുന്ന ദിവസം അത് ചുരത്തുന്ന പാൽ സകല ജനങ്ങൾക്കും തികയുമായിരുന്നു! അതുകൊണ്ടെല്ലാം ആ ഒട്ടകം ഒരു ദിവ്യാത്ഭുതമായി. ഖുർആൻ അതിനെ വിളിച്ചത് “അല്ലാഹുവിന്റെ ഒട്ടകം” എന്നാണു. അതിനെ തൊടരുതെന്നും ഉപദ്രവിക്കരുതെന്നും കൊല്ലരുതെന്നും ജനങ്ങളോടു പറയാൻ അല്ലാഹു സ്വാലിഹിനെ ചുമതലപ്പെടുത്തി. ആരെങ്കിലും അതിന്റെ ദേഹത്തു കൈവെച്ചാൽ ഭയങ്കരമായ ശിക്ഷ കിട്ടുമെന്നു താക്കീതു നൽകാനും അല്ലാഹു കല്പിച്ചു.

അതൊരു ദിവ്യമൃഗം തന്നെയായിരുന്നു. ആയിരക്കണക്കായ സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കും അതിന്റെ പാൽ തികയുമായിരുന്നു. അതൊരു ഭാഗ

ത് കിടന്നുറങ്ങുമായിരുന്നെങ്കിൽ എല്ലാ ജീവജാലങ്ങളും അതിൽ നിന്ന് അകന്നുനിൽക്കാൻ ശ്രദ്ധിച്ചിരുന്നു. ഒട്ടകം അങ്ങനെ സ്വാലിഹിന്റെ ജനങ്ങൾക്കിടയിൽ ജീവിച്ചു. വിശ്വസിച്ചവർ വിശ്വസിച്ചു. അധികപേരും ധിക്കാരത്തിൽ കയറിക്കൂടി. സ്വാലിഹിനോടുള്ള അവരുടെ വിദ്വേഷം ക്രമേണ ഒട്ടകത്തിലേക്കു തിരിഞ്ഞു. ഒട്ടകത്തിനെതിരെ അവർ ഗൂഢാലോചന ചെയ്യാൻ തുടങ്ങി. അതിനെ നിഷേധികൾ വെറുത്തു. അവർ ചിലതെല്ലാം തീരുമാനിച്ചുറച്ചിരുന്നു.....

മലകൾക്കുമേൽ രാത്രി വീണു. മലയിൽ കൊത്തിയ കൊട്ടാരങ്ങളിലൊന്നിൽ സമൂദിലെ പ്രമാണികൾ ഇരുന്നു. നിഷേധികളിൽ ഒരുവൻ പറഞ്ഞു: "വേനലായാൽ ആ ഒട്ടകം താഴ്‌വരയുടെ തണലിലേക്ക് വരും. അപ്പോൾ നമ്മുടെ കാലികളെല്ലാം ചൂടുള്ളിടത്തേക്ക് ഓടിപ്പോകും."

മറ്റൊരു നിഷേധി പറഞ്ഞു: "തണുപ്പുകാലം വന്നാൽ ഒട്ടകവും ചൂടുള്ള സ്ഥലത്തേക്ക് വന്ന് അവിടെ കിടക്കും. അപ്പോൾ നമ്മുടെ കാലികളെല്ലാം തണുപ്പിലേക്ക് ഓടിപ്പോകേണ്ടിവരും. അവയ്ക്കു രോഗം പിടിക്കും."

അവരുടെ നേതാവ് പറഞ്ഞു: "ഇവിടെ പരിഹാരം ഒന്നേയുള്ളൂ." "എന്താണാ പരിഹാരമെന്ന് അനുയായികൾ ചോദിച്ചു. "ഒട്ടകത്തെ കൊല്ലുക! വേറെ വഴിയില്ല." ഒരുവന്റെ സംശയം: "ഒട്ടകത്തെ തൊട്ടു പോവരുതെന്നും ശിക്ഷയുണ്ടാവുമെന്നുമൊക്കെ സ്വാലിഹ് മുന്നറിയിപ്പ് നൽകിയിട്ടുണ്ടല്ലോ"?

നേതാവ് പറഞ്ഞു: "അവന്റെ വാക്കൊന്നും നാം കാര്യമാക്കേണ്ടതില്ല."

അങ്ങനെ ഒട്ടകത്തെ വധിക്കാനുള്ള ശ്രമങ്ങളാരംഭിച്ചു. എന്തിനും പോന്ന ഒമ്പത്

ഗുണ്ടകളെ അവർ തിരഞ്ഞെടുത്തു. കായബലത്തിനും ഹൃദയകാഠിന്യത്തിലും ക്രൂരവാസനയിലും കുതന്ത്ര പ്രയോഗങ്ങളിലും അവരെ വെല്ലുന്ന ആരുമില്ല. ഒട്ടകത്തെ കൊല്ലുന്ന ചുമതല അവരെ ഏൽപിച്ചു. കൊല്ലാനുള്ള സമയവും സ്ഥലവും നിർണയിക്കപ്പെട്ടു. മലകളിൽ ഇരുട്ടിനു കട്ടികൂടി.... കൃത്യം ചെയ്യാനുള്ള രാത്രിയും വന്നെത്തി.

സ്വന്തം കുഞ്ഞിനെ മാറോട് ചേർത്ത് ആ വിശുദ്ധ ഒട്ടകം മയങ്ങുകയായിരുന്നു. തണുപ്പ് സഹിക്കാനാണ് കുഞ്ഞ് അമ്മയുടെ ചൂടിനായി ചേർന്നു കിടന്നു. ഒമ്പത് ഗുണ്ടകൾ അവരുടെ വാളുകളും കുന്തങ്ങളും അമ്പുകളും സജ്ജമാക്കി. ഇരുട്ടിന്റെ ഗുഹയിലൂടെ ഒരു വഞ്ചന പോലെ അവർ നീങ്ങി. അവരുടെ നേതാവ് മൂക്കറ്റം കള്ളു കുടിച്ചിരുന്നു. ഒൻപതുപേരും കൂടി ഒട്ടകത്തിന്റെ മേൽ ചാടിവീണു. ഒട്ടകം ഉണർന്നു. അതിന്റെ കുഞ്ഞ് പേടിച്ചരണ്ടു. കൊലയാളികളുടെ ദുഷ്ടകരങ്ങൾ ഒട്ടകത്തിന്റെ കഴുത്തിലേക്ക് നീണ്ടു. ഒട്ടകത്തിന്റെ ചോരയൊഴുകി. ആ ഒട്ടകക്കുട്ടിയെയും അവർ കൊന്നുകളഞ്ഞു.

പ്രവാചകനായ സ്വാലിഹ് വിവരമറിഞ്ഞു. അദ്ദേഹം കോപത്തോടെ ജനങ്ങളുടെ അടുത്തെത്തി: "ആ ഒട്ടകത്തെ തൊട്ടുപോവരുതെന്ന് ഞാൻ താക്കീതു നൽകിയിരുന്നില്ലേ?"

ആ ധിക്കാരികൾ പറഞ്ഞു: "ഞങ്ങൾ അതിനെ കൊന്നു ശിക്ഷയുണ്ടെങ്കിൽ ഇങ്ങു വരട്ടെ!" ~~സ്വാലി~~

സ്വാലിഹ് പറഞ്ഞു: "അതെ, മൂന്നു ദിവസം കൂടി നിങ്ങൾ സുഖമായി വീടുകളിൽ കഴിഞ്ഞുകൊൾക. ശിക്ഷയുടെ വാഗ്ദാനം സത്യമായിത്തന്നെ പുലരും."

സ്വാലിഹ് അവരെ ഉപേക്ഷിച്ച് നടന്നകന്നു. മൂന്നു ദി-

വസം കഴിഞ്ഞ്, അവരെ നശിപ്പിക്കാൻ ദൈവ-
കൽപന ഉണ്ടായി.

ഒടുക്കം വരികയായിരുന്നു. മൂന്നു ദിനം അത് ഉൾഭയപ്രാസം വലിച്ച് വരാനിരിക്കുന്ന ശിക്ഷയെ കാത്തുകൊണ്ട് മൂന്നുദിവസം കടന്നുപോയി. നാലാം ദിവസം പ്രഭാതം.... !

ഭയങ്കരമായ ഒരു പൊട്ടിത്തെറിയോടെ ആകാശം പിളർന്നു. ചടപടെന്ന് അത് മലമുകളിൽ വീണ് ജീവനുള്ള എല്ലാറ്റിനേയും നശിപ്പിച്ചുകളഞ്ഞു. മലകളെയും അതിൽ പണിത കൊട്ടാരങ്ങളെയും അല്ലാഹു നിലം പരിശാക്കി. സർവ്വവും തകർന്ന് തരിപ്പണമായി. ഒരൊറ്റ പൊട്ടിത്തെറിയായിരുന്നു അത്. അത് തുടങ്ങിയതും അടങ്ങിയതും സമൂദ് ജനതയുടെ നാശവും ഒരു നിമിഷം കൊണ്ട് കഴിഞ്ഞു. എന്താണ് സംഭവിക്കുന്നതെന്നറിയും മുൻപേ എല്ലാം തീർന്നു.

സ്വാലിഹിൽ വിശ്വസിച്ചവരൊക്കെ, കഴിഞ്ഞ മൂന്നു ദിവസത്തിനിടയിൽ അദ്ദേഹത്തോടൊപ്പം രക്ഷപെട്ടിരുന്നു. അല്ലാഹുവിനെ ആരാധിച്ചവരെല്ലാം രക്ഷപെട്ടു.

Salma Jabin


الله

# നരകം

സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തു രക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും [വിശുദ്ധഖുർആൻ: 66:6]

മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചു കൊള്ളുക. സത്യനിഷേധികൾക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതാകുന്നു അത്. വിശുദ്ധഖുർആൻ (2:24)

ഇടതുപക്ഷക്കാർ. എന്താണി ഇടതുപക്ഷക്കാരുടെ അവസ്ഥ! തുളച്ചുകയറുന്ന ഉഷ്ണക്കാറ്റ് ചുട്ടുതിളക്കുന്ന വെള്ളം, തണുപ്പുള്ളതോ, സുഖദായകമോ-അല്ലാത്ത കരിമ്പുകയുടെ തണൽ. (56:41,42,43,44)

അതിനടുത്ത് വരാത്തവരായി നിങ്ങളിൽ ആരും തന്നെയില്ല. നിന്റെ രക്ഷിതാവിന്റെ ഖണ്ഡിതവും നടപ്പിലാക്കപ്പെടുന്നതുമായ ഒരു തീരുമാനമാകുന്നു അത്. പിന്നീട് ധർമ്മനിഷ്ഠ പാലിച്ചവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതിൽ വിട്ടേക്കുകയും ചെയ്യുന്നതാണ്. (19:71,72)

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

الٓمٓ ○ ذٰلِكَ الْكِتٰبُ لَا رَيْبَ فِيهِ هُدًى
لِّلْمُتَّقِينَ ○ الَّذِينَ يُؤْمِنُونَ بِالْغَيْبِ وَيُقِيمُونَ
الصَّلٰوةَ وَمِمَّا رَزَقْنٰهُمْ يُنْفِقُونَ ○ وَالَّذِينَ يُؤْمِنُونَ
بِمَا أُنْزِلَ إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ وَبِالْآخِرَةِ هُمْ
يُوقِنُونَ ○ أُولٰئِكَ عَلٰى هُدًى مِّنْ رَّبِّهِمْ وَأُولٰئِكَ
هُمُ الْمُفْلِحُونَ ○

Nihal

Nihal

Nihal



# Dua

I answer the Prayer of
the supplicant when he
calls on me

(Surah Baqarah : 2 : 186)

Come back to Allah
everything will be fain

إن شاء الله

Trust Allah when things don't
work out the way you wanted.
Allah has some things better
planned for you.

Allah can change the most
hopeless situation into the best
moment in your Life

Allah will help him
who moves in the
way of Allah

# Your question:

"But everyone else is doing it. It is normal. So why shouldn't I?"

# Quran's answer:

"And if you follow most of those on earth, they will mislead you far away from allah's Path. They follow nothing except conjectures, and they do nothing excpt lie."

{Quran 6:116}

# FIND WHAT YOU SEE!

Find the words listed below in the puzzle.

| | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | q | u | d | i | m | n | i | n | e | p | h | e | w | l | l | h | | | |
| | | w | b | m | f | j | m | o | t | h | e | r | u | x | x | g | f | k | o | | |
| | y | k | r | q | s | y | y | z | n | j | s | a | i | r | m | h | f | k | r | h | |
| q | b | d | o | c | o | u | s | i | n | m | n | i | z | w | s | x | a | l | q | q | o |
| e | h | o | t | d | l | f | p | t | l | n | v | s | o | n | t | h | t | v | u | v | f |
| o | b | o | h | a | q | v | e | c | s | i | s | t | e | r | e | i | h | y | q | x | f |
| g | k | m | e | u | y | a | v | t | z | y | x | p | q | h | p | e | e | g | g | v | s |
| f | m | f | r | g | r | u | l | m | o | a | b | j | r | z | m | k | r | o | o | h | p |
| u | k | o | a | h | p | n | x | n | d | c | n | w | a | q | o | q | l | d | d | u | r |
| n | q | x | q | t | a | t | v | i | n | k | a | s | a | h | t | r | m | m | f | s | i |
| c | p | l | n | e | r | k | w | e | s | t | y | f | z | y | h | r | n | o | a | b | n |
| l | o | q | w | r | e | j | l | c | g | o | y | g | z | c | e | i | l | t | t | a | g |
| e | c | f | o | d | n | i | j | e | q | y | n | h | f | w | r | r | s | h | h | n | i |
| | z | f | x | t | t | u | g | r | a | n | d | m | o | t | h | e | r | e | e | d | |
| | | s | g | r | a | n | d | f | a | t | h | e | r | q | v | s | t | r | r | | |
| | | | j | k | s | t | e | p | f | a | t | h | e | r | q | q | r | v | | | |

| | | | |
|---|---|---|---|
| aunt | godfather | mother | sister |
| brother | godmother | nephew | son |
| cousin | grandfather | niece | stepmother |
| daughter | grandmother | offspring | stepfather |
| father | husband | parent | uncle |



# മരണത്തോടെ എല്ലാം

## അവസാനിക്കുന്നുവെങ്കിൽ

* ധീരരക്ത സാക്ഷികൾ എന്താണ് മരണം കൊണ്ട് നേടിയത്.?
* നീതി ലഭിക്കാത്ത പാവങ്ങൾക്ക് എവിടെ നീതിലഭിക്കും ?
* ജനിക്കും മുമ്പേ മരിച്ച് പോയവർക്ക് ആര് ജീവിതം നൽകും?
* രോഗത്തിൽ ജനിച്ച് രോഗത്തിൽ തന്നെ മരിച്ച് പോയവർക്ക് സുഖജീവിതം എവിടെ ലഭിക്കും. ?
* സമൂഹത്തിന് വേണ്ടി ജീവിച്ച്, അവർക്ക് വേണ്ടിത്തന്നെ മരിക്കുകയും ചെയ്തവർ എന്ത് നേടി ?
* എന്തിന് ജീവിതത്തിൽ നന്മ മാത്രം കൊണ്ട് നടക്കണം.?
* തിന്മകളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും എന്തിന് മാറി നിൽക്കണം.?
* പിടികിട്ടാത്ത കുറ്റവാളികൾക്ക് ആര് ശിക്ഷ നൽകും?

കണ്ണും കരളുമായിരുന്ന പിഞ്ചോമനകൾ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് അവരെ തിരിച്ച് നൽകാൻ ആർക്ക് കഴിയും ?

# ആർക്കാണ് നരകം

- അല്ലാഹുവിൽ പങ്കു ചേർക്കുന്നവർക്ക്.
- അല്ലാഹുവിനെ ധിക്കരിക്കുന്നവർക്ക്.
- പ്രവാചകനെ ധിക്കരിക്കുന്നവർക്ക്.
- വിധി വിശ്വാസത്തെ കളവാക്കുന്നവർക്ക്.
- നമസ്കാരം ഉപേക്ഷിക്കുന്നവർക്ക്.
- അഹ്ലുസ്സുന്നത്തിനോട് എതിരാവുന്ന കക്ഷികൾക്ക്.
- ദീൻ ബലി നൽകേണ്ടി വന്നിട്ടും ഹിജ്റ പോകാത്തവർക്ക്.
- നബിയുടെ പേരിൽ കളവ് പറയുന്നവർക്ക്.
- അഹങ്കാരികൾക്ക്.
- ചതിയും കുതന്ത്രവും ചെയ്യുന്നവർക്ക്.
- ഹറാമായത് ഭക്ഷിക്കുന്നവർക്ക്.
- വസ്ത്രം വലിച്ചിഴക്കുന്ന പുരുഷന്മാർക്ക്.
- മനപ്പൂർവ്വം കൊല ചെയ്തവന്.
- അന്യായം വാങ്ങുന്നവർക്ക്.
- പരോപദ്രവം ചെയ്യുന്നവർക്ക്.
- പലിശ ഭുജിക്കുന്നവർക്ക്.
- ജനങ്ങളുടെ ധനം അന്യായമായി ഭക്ഷിക്കുന്നവർക്ക്.
- അനാഥകളുടെ സ്വത്ത് തിന്നുന്നവർക്ക്.
- രൂപങ്ങളുണ്ടാക്കുന്നവർക്ക്.
- അക്രമികളോട് പക്ഷം ചേരുന്നവർക്ക്.
- നഗ്നത വെളിവാക്കുന്ന സ്ത്രീകൾക്ക്.
- മൃഗങ്ങളെ ദ്രോഹിക്കുന്നവർക്ക്
- ആത്മാർത്ഥതയില്ലാതെ വിജ്ഞാനം തേടുന്നവർക്ക്.
- ആത്മഹത്യ ചെയ്യുന്നവർക്ക്.
- സ്ത്രീവേഷം ധരിക്കുന്ന പുരുഷന്മാർക്ക്.
- മദ്യപാനികൾക്ക്
- പറയുന്നത് പ്രവർത്തിക്കാത്ത പ്രബോധകർക്ക്.
- അയൽവാസിയെ ഉപദ്രവിക്കുന്നവർക്ക്.

# A Good Reader

A good reader is a curios soul
With a heart that yearns to know and whole
They dive into books with eager eyes,
And explore new worlds where knowledge lies.

With every page, their minds expand,
And new ideas, like flowers, take stand
Their imagination grows and thrives,
As they read on, with a hungry drive.

Through stories, they meet new friends and guides
And learn from their Journeys, trials and tides.
Their empathy and understanding grow,
As they read on, with curious glow

So let us cherish this love of reading
And cultivate it, with all our being
For in the pages of a good book, we find
A world of wisdom one line at a time.

"Say: He, Allah, is One"

THE QURAN 112:1



# നമസ്കാരത്തിന്റെ നിബന്ധനകൾ....>

## قبلة ...

> കഅ്ബയാണ് നമ്മുടെ قبلة നമസ്കരിക്കുമ്പോൾ قبلةയുടെ നേരെ തിരിയണം. കഅ്ബ മക്കയിലാണ്...

> ശരീരവും, വസ്ത്രവും നമസ്കാര സ്ഥലവും നജസുകളിൽ നിന്ന് വൃത്തിയായിരിക്കണം...

## അശുദ്ധിയിൽ നിന്ന് ശുദ്ധിയാവൽ...

> കുളി - വലിയ അശുദ്ധിയുള്ളവർക്ക്
> وضوء - ചെറിയ അശുദ്ധിയുള്ളവർക്ക്...

## മറക്കൽ عورة

> പുരുഷൻ - കാൽമുട്ടിനും പൊക്കിളിനും ഇടയിലുള്ള ഭാഗം നിർബന്ധമായും മറയ്ക്കണം. സ്ത്രീ - മുഖവും മുൻകൈയും ഒഴികെയുള്ള ശരീരഭാഗങ്ങൾ നിർബന്ധമായും മറയ്ക്കണം...


الحمد لله

# ഖുർആനിലേക്കുള്ള പാത

ഖുർആൻ ഉൾക്കൊള്ളുന്ന ആശയങ്ങളുടെ ഗാംഭീര്യം മനുഷ്യമനസ്സുകളിൽ അത് ചെലുത്തുന്ന അഗാധ സ്വാധീനം, ഖുർആൻ പാരായണ - പഠന ക്രമം പഠന ഗവേഷണങ്ങളുടെ മർമം, ഖുർആൻ പഠനത്തിനുള്ള പാഠ്യ പദ്ധതി തുടങ്ങി ഒട്ടേറെ വിഷയങ്ങൾ പണ്ഡിതോചിതമായും സൂക്ഷ്മതയോടെയും അവതരിപ്പിക്കുന്ന കൃതി.

Aneesa .M.u
P2

# വുർആനിന്റെ ശ്രേഷ്ഠത

നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ , മനുഷ്യരിൽ അധിക പേരും അറിയുന്നില്ല...

"പറയുക: മനുഷ്യരേ,
തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള اللهന്റെ ദൂതനാകുന്നു".

Aneesa.M.U
P2

# ഒരു ഗുണപാഠകഥ

ജൂഹ എന്നയാൾ ഒരു കഴുതയെ വാങ്ങി. അങ്ങനെ അയാളും മകനും ഒരുമിച്ച് കഴുതപ്പുറത്ത് യാത്ര ചെയ്യാൻ തുടങ്ങി.
അത് കണ്ട ജനങ്ങൾ പറഞ്ഞു: ഹോ, അയാൾ കഴുതയെ കഷ്ടപ്പെടുത്തുന്നത് കണ്ടില്ലേ.
അത് കേട്ട ജൂഹ കഴുതയുടെ പുറത്ത് നിന്ന് ചാടി. അപ്പോൾ ജനം പറഞ്ഞു: കണ്ടില്ലേ, പിതാവിനോട് യാതൊരു ബഹുമാനവുമില്ലാത്ത മകൻ കഴുതപ്പുറത്തേറി പിതാവിനെ നടത്തിക്കുന്നു.
അത് കേട്ട ജൂഹ തന്റെ മകനെ കഴുതപ്പുറത്ത് നിന്ന് ഇറക്കി. ജൂഹ മാത്രം കഴുതപ്പുറത്തേറി യാത്രതുടങ്ങി. അപ്പോഴും ജനം പറഞ്ഞു: ഹോ എത്ര ക്രൂരനായ പിതാവാണ് ഇദ്ദേഹം.
അവസാനം ആളുകളുടെ സംസാരത്തിൽ നിന്ന് രക്ഷപ്പെടാൻ ജൂഹ കഴുതയെ തന്റെ ചുമലിലേറ്റി നടക്കാൻ തുടങ്ങി.
ആളുകളുടെ തൃപ്തി നേടാനാണ് അത് ചെയ്തത്. എന്നാൽ കഴുതയാവാൻ വേണ്ടി ജൂഹ കഴുതയെ ചുമന്നിരിക്കുന്നു എന്നായി മറ്റുള്ളവരുടെ അട്ടഹാസ പരിഹാസം.

ഗുണപാഠം: അല്ലാഹുവിന്റെ തൃപ്തി മാത്രം നോക്കി കർമ്മങ്ങൾ ചെയ്യുക. ജനങ്ങളുടെ തൃപ്തി നീ നോക്കേണ്ടതില്ല.

Don't judge the future of a Person based on his Present Condition because time has the Power to Change black Coal to Shing diamond♥♥♥♥

My pain may be the reason
for Somebody's laugh
But my laugh must never
be the reason for
Somebody's pain

- Charlie chaplin -

NABEEL MAHMOOD · T

Never



regret

anything that

made you

Smile



— Mark Twain

bibleyy

- If
Someone yelp to help
Don't
say' others go yourself
Lets move on

- Push your self
Because No one Else
is going to Do it
- Life is short there is No time
to leave important words
unsaid -- :)



Strength is in accepting your scars and wearing them confidently like the most precious STARS.

# THE Grapes Are sour,

Once upon a time, a hungry fox was roaming around here and there searching for food Because of hunger, he was feeling weak and tired fortunately, he came to a garden where he saw a grape-vine laden with bunches of grapes. They looked quite ripe and juicy the fox looked at the grapes with longing eyes and licked his chops But the bunches were too high for him and he was feeling weak So, he sat down for a while to take some rest. on feeling refreshed, he jumped as high as he could, to get at the grapes But he failed to reach them Then he again rested for some time and made another bold attempt But was unlucky for the second time at last, he gave up trying anymore. He just walked away and Instead of accepting his failure, he remarked "the grapes appeared to be ripe and juicy, but now I see them to be quite sour" This story thus, proves that, people genarally hate what they can't get.

And life will be
blessed by

الله

Allah

# Humility

Building a strong character for yourself includes variety of cover values, One being humility, when you are brave enough to say "sorry" — and mean it - you show humility and become a better person.

These words have a great Impact. Apologizing is a though pill to swallow, however you will earn yourself respect from the other person, and the pleasure of Allah swt,



Shakespeare once said:

"I cried when I had no shoes, but I stopped crying when I saw a man without legs....!

Life is full of blessings sometime we don't value it.

So value what you have is life without complaint.

توكل

Trust

എല്ലാം നഷ്ടപ്പെട്ടതിന് ശേഷവും നിങ്ങളിൽ
എന്തെങ്കിലുമൊക്കെ ചെയ്യാനുള്ള ധൈര്യം ബാക്കി
നിൽക്കുന്നുണ്ടെങ്കിൽ മനസ്സിലാക്കുക നിങ്ങൾക്ക്.
ഒന്നും നഷ്ടപ്പെട്ടിട്ടില്ല.

സാഹചര്യം എന്തായാലും കീഴടങ്ങണോ
വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത്.
നിങ്ങൾ തന്നെയാണ്.

focus on your self

Don't get lost in other
People.

Push your self
Because No one Else
Is going to Do It

Every Day
is a Chance
to change
your life

Take the
Risk

Or lose the
Chance

Salman Faris

നാം ഒരിക്കലും നമ്മളെ പറ്റി മോശമായി ചിന്തിക്കരുത്. ദൈവം അതിനായി കുറച്ച് ബന്ധുക്കളെയും നാട്ടുകാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യൻക്ക് എല്ലാത്തിന്റെയും വില അറിയാം but മൂല്യം അറിയില്ല.

[illegible]

توکل

When you rely on Allah Completely
You will always be at Peace



ലൈലയുടെ വളർത്തു നായയെ കണ്ടപ്പോൾ
ലൈലയുടെ വീട് കണ്ടെത്താൻ ബൈസ്
നായയുടെ പുറകിൽ ഓടി പോകുന്ന ഒരു രംഗമുണ്ട്
ലെയ്ല മജ്നുവിൽ....

ഓടുന്ന വഴിയിൽ ഒരു സംഘം ആളുകൾ
നിസ്കരിക്കുന്നുണ്ടായിരുന്നു തിരികെ വന്നപ്പോ
അവർ ബൈസിനോട് ചോദിച്ചു:
ഞങ്ങൾ നമസ്കരിക്കുന്നത് കണ്ടില്ലേ...?
എന്ത് കൊണ്ട് നീ നമസ്കാരത്തിൽ പങ്കെടുത്തില്ല?...

അപ്പോൾ ബൈസ് പറയുന്നുണ്ട്:

**അതാണ് പാഠം പറയുന്ന സത്യം!**

ഞാൻ നിങ്ങളെ കണ്ടിട്ടില്ല...
എന്റെ ലക്ഷ്യം ലൈല ആയിരുന്നു...

ഞാൻ ലൈലയെ തേടിയത്
പോലെ നിങ്ങൾ പടച്ചവനെ
തേടിയിരുന്നുവെങ്കിൽ നിങ്ങൾ
എന്നെ കാണില്ലായിരുന്നു!!!

– .... –

الحمد لله

Alhamdalillah For the uncountable
every day blessings in my life

# ബന്ധങ്ങൾ വളരുവാൻ

മിതമായ ശബ്ദത്തിൽ സംസാരിക്കുക
മുഖത്ത് നോക്കി സംസാരിക്കുക
അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കരുത്
സ്വയം പുകഴ്ത്തി പറയരുത്
കാര്യം മാത്രം സംസാരിക്കുക
വിമർശിച്ച് സംസാരിക്കരുത്
പരദൂഷണം പറയരുത്
സ്ഥാനവും പ്രായവും നോക്കി സംസാരിക്കുക
ആത്മാർത്ഥതയും സത്യസന്ധതയും പുലർത്തുക
കളവ് പറയാതിരിക്കുക
ക്ഷമ കൈക്കൊള്ളുക
ഉചിതമെന്ന് കണ്ടാൽ മൗനം പാലിക്കുക.

# AKHLAQ

Akhlaq is so important. we may not get to choose our appearance, but we definitely get to choose our character and the way we are. qualities that resides in your your heart will always overpower the qualities of your appearance



നിങ്ങൾ ദുഃഖിച്ചിരിക്കുമ്പോൾ
ജീവിതം
നിങ്ങളെ നോക്കി
കളിയാക്കും
നിങ്ങൾ സന്തോഷിക്കുമ്പോൾ
ജീവിതം
നിങ്ങളെ നോക്കി
ചിരിക്കും

എന്നാൽ
നിങ്ങൾ മറ്റുള്ളവരുടെ
സന്തോഷത്തിന്
കാരണമാകുമ്പോൾ
ജീവിതം
നിങ്ങളെ സല്യൂട്ട്
ചെയ്യും...

--charly--

Wasting your time



If you're Not doing


الله

തെറ്റുകളുടെ അടിസ്ഥാനം മൂന്നാകുന്നു.

**അഹങ്കാരം :**

അത് ഇബ്‌ലീസിനെ അവൻ എന്തായിരുന്നോ, അതിൽ നിന്ന്, അല്ലാതാക്കിത്തീർത്തു.

**ആർത്തി :**

അത് ആദമിനെ സ്വർഗത്തിൽ നിന്ന് പുറത്താക്കി.

**അസൂയ :**

അത് ആദമിന്റെ ഒരു മകൻക്ക് തന്റെ സഹോദരന്റെ നേർക്ക് [ചാടിവീഴാൻ] ധൈര്യം കൊടുത്തു.

അത് ഒരു മൂന്ന് ഉപദ്രവത്തിൽ നിന്ന് കാത്ത്-സൂക്ഷിക്കപ്പെട്ടുവോ. അവൻ അഹങ്കാരത്തിൽ നിന്നു-ള്ള കുഫ്‌റിൽ നിന്നും, ആർത്തിയിൽ നിന്നുള്ള അനുസരണക്കേടിൽ നിന്നും, അസൂയയിൽ നിന്നു-ള്ള അക്രമത്തിൽ നിന്നും കാത്ത് സൂക്ഷിക്കപ്പെട്ടു.

If Allah wills it, it will happen

Just keep on making Dua! ❤

كن فيكون

Never think that any request you have is too much for Allah.

❤



സൗഹൃദം എപ്പോഴും
മധുരമുള്ള ഒരു ഉത്തരവാദി
ത്തമാണ് ഒരിക്കലും ഒരു
അവസരമല്ല...!

# വിജ്ഞാനം നേടൽ നമ്മുടെ ബാധ്യത

بسم الله الرحمن الرحيم

اقرأ باسم ربك الذي خلق ① خلق الانسان من علق ② اقرأ وربك الأكرم ③ الذي علم بالقلم ④ علم الإنسان ما لم يعلم

“സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക, നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഉദാരവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ, മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു”

ഇസ്ലാം വിജ്ഞാനം നേടുന്നതിന് വളരെയധികം ഊന്നൽ നൽകുന്നു. മുഹമ്മദ് നബി (സ) ക്ക് മേൽ ഇറങ്ങിയ ആദ്യ വാക്യം പോലും ‘ഇഖ്റഅ്’ അഥവാ വായിക്കുക എന്നാണ്. വായന എഴുത്തുമെല്ലാം ചിന്തിക്കുന്നതിനുമുള്ള വാതിൽ നമ്മുക്ക് മുന്നിൽ തുറന്ന് തരുന്നു. അവരുടെ ഉത്തരവാദിത്വ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതിനും സമൂഹത്തിന് നല്ലത് വളർച്ച വർദ്ധിപ്പിക്കുന്നതിനും സംഭാവന നൽകുന്നതിനുമുള്ള ഉപാധിയായി ഇസ്ലാം അറിവ് പ്രോത്സാഹിപ്പിക്കുന്നു. അത് അവരുടെ നേട്ടത്തിനെ പ്രോത്സാഹിപ്പിക്കുന്നു. ഈ ലോകത്തിന്റെ രീതിയെ കുറിച്ചും തങ്ങളെ കുറിച്ചും സ്രഷ്ടാവിനെ കുറിച്ചും ആഴത്തിൽ മനസ്സിലാക്കുവാൻ ഉൾക്കാഴ്ചകളെ സഹായിക്കുന്നു.

വിജ്ഞാനന്വേഷണത്തിന്റെ പ്രാധാന്യം ഖുർആനിലും സുന്നത്തിലും ഊന്നിപ്പറയുന്നുണ്ട്.

salmanulfaris-b
P2


رب ارحمهما كما ربياني صغيرا

# നമസ്കാരത്തിന്റെ പ്രാധാന്യം

നമസ്കാരം വിശ്വാസത്തെ ഉണർത്തിച്ചു തരുന്നതാണ്. ആരോഗ്യത്തെ കാത്തു നിർത്തുന്നതാണ്. ഉപദ്രവത്തെ പ്രതിരോധിക്കുന്നതാണ്. രോഗങ്ങളെ ആട്ടിയകറ്റുന്നതാണ്. ഹൃദയത്തിനു ശക്തി പകരുന്നതാണ്. മുഖത്തിന് പ്രസന്നത പ്രദാനം ചെയ്യുന്നതാണ്. മനസ്സിനു സന്തോഷം നൽകുന്നതാണ്. അലസതയെ പോക്കി കളയുന്നതാണ്. ശരീരഭാഗങ്ങൾക്കു ഉന്മേഷം നൽകുന്നതാണ്. ശാരീരികാവയവങ്ങൾക്കു ഉന്മേഷം നൽകുന്നതാണ്. ശക്തികൾ ദീർഘിപ്പിക്കുന്നതാണ്. ആത്മാവിനെ ഉണർത്തുന്നതും ഹൃദയ വിശാലത നൽകുന്നതുമാണ്. ഹൃദയത്തെ പ്രകാശിപ്പിക്കുന്നതാണ്. അനുഗ്രഹങ്ങളെ കാത്തു സൂക്ഷിക്കുന്നതാണ്. ശിക്ഷയെ തടയുന്നതാണ്. ബർക്കത്തിനെ കൊണ്ടുവരുന്നതാണ്. പിശാചിൽ നിന്നകറ്റുന്നതാണ്.

Aneesa M.U
P2


الله

الحمد لله